ഊരുകളിൽ ഇരുള ഭാഷയിലുള്ള പഠന സഹായികയും തയ്യാറാക്കി ക്ലാസ്സുകയും നടന്നുവരുന്നു. ഏകദേശം 700 സ്ത്രീ–പുരുഷൻമാർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്.

അട്ടപ്പാടി വനപ്രദേശങ്ങളിലെ ആദിവാസി സെറ്റിൽമെന്റുകളിൽ താമസിക്കുന്ന ആദിവാസികളുടെ ക്ഷേമത്തിനായി വരുമാനദായക പദ്ധതികളും പാർപ്പിടം, കുടിവെള്ളം, വൈദ്യസഹായം എന്നീ സൗകര്യങ്ങയും നൽകുന്ന പദ്ധതികളും നടപ്പാക്കിവരുന്നു.

വനംവകുപ്പിന്റെ തോട്ടം വെച്ചുപിടിപ്പിക്കൽ, തിന്നിംഗ് ജോലികയും, ഫയർലൈൻ തുടങ്ങിയ ജോലികയും ഇവിടുത്തെ ആദിവാസികയ്ക്കും നൽകി വരുന്നു.

(ബി) നടപ്പിലാക്കുന്ന പരിപാടികയും ലക്ഷ്യം കൈവരിക്കുന്നുണ്ടെങ്കിലും ദാരിദ്ര്യ നിർമ്മാർജ്ജനം പൂർണ്ണമായി കൈവരിക്കാൻ ഇനിയും മുന്നോട്ട് പോകേണ്ടതുണ്ട്.

(സി) അട്ടപ്പാടിയിലെ ആദിവാസികയും കഞ്ചാവു തോട്ടങ്ങളിൽ ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടുതൽ വരുമാനം കിട്ടുമെന്ന് പ്രലോഭിപ്പിച്ചാണ് ആദിവാസികളെ കഞ്ചാവ് കൃഷിക്ക് ഉപയോഗപ്പെടുത്തുന്നത്. കഞ്ചാവു കൃഷിക്കനുയോജ്യമായ വനമേഖലയിൽ താമസിക്കുന്ന പ്രാക്തന ഗോത്രമായ കുറുമ്പ വിഭാഗത്തിൽപ്പെടുന്ന ആദിവാസികളെ തദ്ദേശവാസികളല്ലാത്തവർ കഞ്ചാവു കൃഷി ചെയ്യുന്നതിനായി ഉപയോഗിച്ചു വരുന്നതായി മനസ്സിലാക്കുന്നു.

(ഡി) എക്സൈസ്, പോലീസ് വകുപ്പുകളെയും ഗ്രാമവികസനം, പട്ടികവർഗ്ഗ വികസനം, വനം വന്യജീവി വകുപ്പ് എന്നിവയുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങം വഴി അട്ടപ്പാടിയിലെ കഞ്ചാവു കൃഷിക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുവാൻ കഴിയും. ഇവിടുത്തെ പട്ടികവർഗ്ഗക്കാരിൽനിന്ന് 15 എക്സൈസ് ഗാർഡുകളെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കഞ്ചാവു കൃഷി വ്യാപകമായി കണ്ടുവരുന്ന ആദിവാസി മേഖലയിൽ ഈ കൃഷിയിൽനിന്നും അവരെ നിരുത്സാഹപ്പെടുത്താൻ വരുമാനദായക പ്രവർത്തനങ്ങം, പൊതു കന്നുകാലിത്തൊഴുത്ത്, പാരമ്പര്യേതര ഊർജ്ജ വികസനം, വേന നിർമ്മാണം, ജലസേചനം, കുടിവെള്ളം, എന്നിവയ്ക്കുള്ള സൗകര്യം, കാർഷിക വികസന പ്രവർത്തനങ്ങം, പോഷകാഹാരത്തോട്ടം തുടങ്ങിയ വിവിധ വികസന പരിപാടികയും ഉൾപ്പെടുത്തിക്കൊണ്ട് കുറുമ്പാ പാക്കേജ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

എഡ്യൂസാറ്റ് വിദ്യാഭ്യാസ പദ്ധതി

5 [227] ശ്രീ. തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ:
,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങയ്ക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഡ്യൂസാറ്റ് ഉപയോഗിച്ചുള്ള വിദ്യാഭ്യാസം ആരംഭിക്കാൻ പദ്ധതിയുണ്ടോ;

(ബി) എങ്കിൽ ആദ്യഘട്ടമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങം വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ അദ്ധ്യയന വർഷം എത്ര സ്കൂളുകൾക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കും;

(ഡി) സ്കൂളുകളിൽ ഇൻറർനെറ്റ് സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആറ്റിങ്ങൽ, കൊട്ടാരക്കര, തിരുവല്ല, കോട്ടയം, ആലപ്പുഴ, എറണാകുളം, കട്ടപ്പന, തൊടുപുഴ, തൃശ്ശൂർ, മഞ്ചേരി, ഒറ്റപ്പാലം, കോഴിക്കോട്, കല്പറ്റ, തലശ്ശേരി, കാസർഗോഡ് എന്നീ സ്ഥലങ്ങളിൽ എഡ്യൂസാറ്റ് ട്രെയിനിംഗ് സെൻററുകൾ (ETC) സജ്ജീകരിക്കുന്നുണ്ട്. ഇവിടെ സ്ഥാപിക്കുന്ന സാറ്റലൈറ്റ് ഇൻറാക്ടീവ് ടെർമിനൽ സംവിധാനം മുഖേന പരിപാടികൾ എഡ്യൂസാറ്റ് ഉപഗ്രഹത്തിൽ നിന്ന് സ്വീകരിക്കുന്നതിനും അപ്ലിങ്കിംഗ് ചെയ്യുന്നതിനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. പിന്നീട് പാലക്കാട്, മലപ്പുറം, വയനാട്, ഇടുക്കി എന്നീ ജില്ലകളിലെ 50 സർക്കാർ സ്കൂളുകളിൽ എഡ്യൂസാറ്റിൽ നിന്നുള്ള പരിപാടികൾ സ്വീകരിക്കുന്നതിന് ROT (Receive Only Terminal) സംവിധാനം ഏർപ്പെടുത്തുന്നുണ്ട്.

(സി) ആദ്യഘട്ടത്തിൽ മലപ്പുറം, വയനാട്, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത 50 സർക്കാർ സ്കൂളുകളിൽ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കും. അടുത്ത ഘട്ടത്തിൽ സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അദ്ധ്യാപക പരിശീലന പരിപാടികളായിരിക്കും ആദ്യ ഘട്ടത്തിൽ ഈ കേന്ദ്രങ്ങൾ വഴി നടത്തുന്നത്.

(ഡി) കേരളത്തിലെ ബഹുഭൂരിപക്ഷം സ്കൂളുകളിലും ഇൻറർനെറ്റ് ലഭ്യമാക്കുന്നതിനുള്ള മോഡവും മറ്റ് അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഇൻറർനെറ്റ് കണക്ഷൻ സ്കൂളുകൾ സ്വന്തമായി വാങ്ങേണ്ടതാണ്. എഡ്യൂസാറ്റിൻറെ ഭാഗമായ EDUSERVE സംവിധാനം സജ്ജമാകുമ്പോൾ ഇൻറർനെറ്റ് വഴി വിജ്ഞാനശേഖരം ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കുന്നതിനും അവ സ്കൂളുകൾ തമ്മിൽ പങ്കുവെയ്ക്കുന്നതിനും ഇൻറർനെറ്റ് ടെലഫോൺ സംവിധാനം ഉപയോഗിച്ച് പരസ്പരം ആശയവിനിമയം നടത്തുന്നതിനും സൗകര്യമുണ്ടാകും.

റോഡുഗതാഗതത്തിൽ വരുന്ന വർദ്ധന സംബന്ധിച്ച പഠനം

6 [228] ശ്രീ. കെ. എ. ചന്ദ്രൻ:
,, ലൂഡി ലൂയിസ്:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ, നാച്ചുറൽ ഗ്യാസ് ടെർമിനൽ മുതലായ വികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ സംസ്ഥാനത്ത് റോഡുഗതാഗതം എത്ര മടങ്ങ് വർദ്ധിക്കുമെന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly